"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ്- കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ- കടാശ്വാസ തുക വിതരണം ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.507/2025/AGRI തീയതി,തിരുവനന്തപുരം, 26-05-2025

---

പരാമർശം:- 1. സ.ഉ (സാധാ) നം. 1283/2015/കൃഷി തീയതി 28.07.2015

2. സ.ഉ (സാധാ) നം. 413/2023/കൃഷി തീയതി 02.05.2023

**ഉത്തരവ്**

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2006-08) യുടെ 9-ാമത് റിപ്പോർട്ട് പ്രകാരം, കടാശ്വാസം വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി കടാശ്വാസം വിതരണം ചെയ്യുന്നത് സംബന്ധിച്ച നടപടിക്രമങ്ങളിൽ മാറ്റം വരുത്തണമെന്ന് കമ്മിറ്റി ശിപാർശ ചെയ്തിരുന്നു.

2. പരാമർശം 1ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടിക്രമം അനുസരിച്ച് വിവിധ ജില്ലകളിൽ സിറ്റിംഗ് നടത്തി കമ്മീഷൻ പുറപ്പെടുവിക്കുന്ന അവാർഡുകൾ കടാശ്വാസ തുക അനുവദിക്കുന്നതിനായി കമ്മീഷൻ സർക്കാരിൽ ലഭ്യമാക്കുകയും ടി അവാർഡുകൾ പരിശോധിക്കുന്നതിനായി അവ സഹകരണ സംഘം രജിസ്ട്രാർക്ക് അയച്ചു കൊടുക്കുകയും രജിസ്ട്രാർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അർഹതയുള്ള കർഷകർക്ക് കടാശ്വാസം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു വന്നിരുന്നു. മേൽ നടപടി ക്രമങ്ങൾ കടാശ്വാസം അനുവദിക്കുന്നതിൽ കാല വിളംബം ഉണ്ടാക്കുന്നതിനാൽ സർക്കാർ മേൽ വിഷയം പരിശോധിക്കുകയും കടാശ്വാസ കമ്മീഷൻ ഉത്തരവ് സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് കടാശ്വാസ തുക കാല താമസം കൂടാതെ ബന്ധപ്പെട്ട ബാങ്കുകൾക്ക് വിതരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കണമെന്നും പ്രസ്തുത ഉത്തരവുകളിന്മേൽ സഹകരണ സംഘം രജിസ്ട്രാർ പരാമർശം 1 പ്രകാരമുള്ള വേരിഫിക്കേഷൻ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കി അനർഹരെന്ന് കണ്ടെത്തുന്നവരുടെ തുക തിരിച്ചു പിടിയ്ക്കുന്നതിനായി പ്രസ്തുത വിവരം കടാശ്വാസ കമ്മീഷനെ അറിയിക്കേണ്ടതാണെന്നും കമ്മീഷൻ പ്രസ്തുത തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ച് പരാമർശം 2 പ്രകാരം നടപടിക്രമങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. എന്നാൽ ഈ വിഷയത്തിൽ കൂടുതൽ പരിശോധന നടത്തിയപ്പോൾ മേൽ ഉത്തരവ് പ്രകാരം അവാർഡ് തുക നൽകിയ ശേഷം അർഹത ഇല്ലാത്ത വ്യക്തികളിൽനിന്നും, ബാങ്കിൽ നിന്നും തുക തിരികെ ഈടാക്കുന്നത് പ്രാവർത്തികമാക്കാൻ ബുദ്ധിമുട്ട് ഉണ്ടാക്കുകയും ആയത്

കൂടുതൽ സങ്കീർണ്ണതകളിലേക്കും, സർക്കാരിന് കൂടുതൽ തുക നഷ്ടപ്പെടുന്നതിനും വഴി തെളിക്കും എന്ന് കണ്ടെത്തിയിട്ടുണ്ട്.

4. മേൽ സാഹചര്യത്തിൽ സർക്കാർ ഈ വിഷയം പുനഃപരിശോധിയ്ക്കുകയും പരാമർശം 1,2 പ്രകാരമുള്ള കടാശ്വാസ തുക അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളിൽ ചുവടെ ചേർക്കുന്ന ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിയ്ക്കുകയും ചെയ്യുന്നു.

" കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ കടാശ്വാസ തുക അനുവദിച്ച് അവാർഡ് പ്രഖ്യാപിക്കുന്നതിന് മുൻപ് അപേക്ഷകൾ സമയബന്ധിതമായി സഹകരണ സംഘം രജിസ്ട്രാറുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും കടാശ്വാസ കമ്മീഷൻ അവാർഡ് പ്രഖ്യാപിച്ച് സർക്കാരിൽ പ്രപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ബാങ്കുകൾക്ക് കടാശ്വാസ തുക വിതരണം ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിയ്ക്കുന്നതുമാണ്. "

4. മേൽ ഭേദഗതികളോടെ പരാമർശം 1,2 ലെ സർക്കാർ ഉത്തരവുകൾ നിലനിൽക്കുന്നതാണ്.

4. ഇതു സംബന്ധിച്ച് റവന്യൂ വകുപ്പ് കർഷക കടാശ്വാസ കമ്മീഷൻ ആക്ടിൽ വേണ്ട ഭേദഗതികൾ വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K SURESHKUMAR
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം

സെക്രട്ടറി, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ& ഇ), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്/ റവന്യൂ വകുപ്പ്/ സഹകരണ വകുപ്പ്

പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Vineesh Kumar G
Date: 28-05-2025 10:03:52
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു കൃഷി വകുപ്പ് മന്ത്രിയുടെ പിഎസ്സിന്